Reg. No.
Name :

**W 112**

# DIET WAYANAD
## SSLC PRE-MODEL EXAMINATION - MARCH 2022
## അടിസ്ഥാന പാഠാവലി

**സമയം : $1\frac{1}{2}$ മണിക്കൂർ** **ആകെ മാർക്ക് : 40**

### PART - I

A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം) (4x1 = 4)

1. 'വേണ്ടപ്പെട്ടവർ ആരൊക്കെയോ ചേർന്ന് ആ <u>അത്യാഹിതം</u> തടഞ്ഞു'. അടിവരയിട്ട പദം സന്ദർഭത്തിന് നൽകുന്ന അർഥമെന്ത്?
   a. വീട് പൊളിച്ചുമാറ്റാനുള്ള തീരുമാനം
   b. നീറുകളെ തുരത്താനുള്ള തീരുമാനം
   c. കൊച്ചുചക്കരച്ചിയെ മുറിച്ചുമാറ്റാനുള്ള തീരുമാനം
   d. മാങ്ങ വിൽക്കാനുള്ള തീരുമാനം

2. മാതൃകപോലെ എഴുതുക.
   കൊതിയ സമാജം - കോതിയൻമാരുടെ സമാജം
   പനയോല - ?

3. 'ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ <u>ശബ്ദങ്ങളുടെ കരിയിലകൾ</u> അപ്പാടെ പാറിപ്പോയിരിക്കുന്നു'. - അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നതെന്ത്?
   a. തളർന്ന ശബ്ദം
   b. അമ്മയുടെ മൗനം
   c. അച്ഛന്റെ ശബ്ദസാന്നിധ്യം
   d. വീടിന്റെ മൗനം.

4. 'ജീവിതത്തിന് എന്തെന്ത് സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്' - (പ്ലാവിലക്കഞ്ഞി)
   ആരെക്കുറിച്ചുള്ള പരാമർശമാണിത്?
   (കോരൻ, ചിരുത, കോരന്റെ അച്ഛൻ, ഔസേപ്പ്)

5. 'എങ്ങോട്ടു പോകുന്നുവെന്നു ചോദിച്ചീല
   എന്തിനെന്നും...........................................................'
   (അമ്മത്തൊട്ടിൽ)
   – ഈ വരികളിൽ തെളിയുന്നതെന്ത്?
   (മകനിലുള്ള വിശ്വാസം, സ്ഥലത്തെക്കുറിച്ചുള്ള തിരിച്ചറിവ്, സ്ഥലത്തെക്കുറിച്ചുള്ള അജ്ഞത, അബോധാവസ്ഥ)

6. ‘മാർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി’
- അടിവരയിട്ട പ്രയോഗത്തിന് സന്ദർഭത്തിലുള്ള അർഥമെന്ത്?

   a. എപ്പോഴും ഒറ്റപ്പെടുത്തുക
   b. ചിലപ്പോൾ എതിർക്കുക
   c. എപ്പോഴും എതിർക്കുക
   d. എതിരഭിപ്രായം പറയുക

B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക (1 സ്കോർ വീതം)(3x1 = 3)

7. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായ കർമപരിപാടിയായി കുറ്റിപ്പുഴ കൃഷ്ണ പിള്ള ചൂണ്ടിക്കാണിക്കുന്നതെന്ത്?

   a. അയിത്തോച്ചാടനം
   b. അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കൽ
   c. അധ:കൃത വർഗോദ്ധാരണം
   d. വിദ്യാഭ്യാസം

8. ‘അങ്ങനെ പറയരുത്, കുറച്ചുനേരം അതുകേട്ട് ഞാനങ്ങ് പോയ്ക്കോളാം’

(പണയം)

ഈ വാക്യത്തിൽ പ്രതിഫലിച്ചിരിക്കുന്നതെന്ത്?

   a. ചാക്കുണ്ണിയുടെ ദൈന്യം
   b. നാട്ടുകാരുടെ ആവേശം
   c. ചാക്കുണ്ണിയുടെ അനിഷ്ടം
   d. ചെമ്പുമത്തായിയുടെ അഹങ്കാരം

9. ‘അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ’ - ചിന്മുദ്ര എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നതെന്ത്?
(സാഹിത്യഭാഷ, ഹൃദയത്തിന്റെ ഭാഷ, ഗദ്യഭാഷ, ആലങ്കാരിക ഭാഷ)

## PART - II

A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടു വാക്യത്തിൽ ഉത്തരമെഴുതുക
(2 സ്കോർ) (1x2 = 2)

10. ‘ചെന്നു നോക്കുമ്പോൾ അറിയാം, മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന് ’. ക്ലാവുപിടിച്ച കണ്ണാടി എന്ന പ്രയോഗം നൽകുന്ന രണ്ടു സൂചനകൾ എഴുതുക.

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക
(2 സ്കോർ ) (1x2 = 2)

11. ശ്രീ നാരായണ ഗുരുവിന്റെ മഹത്തായ ഏതെങ്കിലും രണ്ട് സന്ദേശങ്ങൾ എഴുതുക

12. ‘പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചു കൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു’. (പണയം)

കഥാന്ത്യത്തിലെ ഈ വാക്യത്തിൽ നിന്നും തെളിയുന്ന ചാക്കുണ്ണി എന്ന കഥാപാത്ര ത്തിന്റെ രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക

## PART - III

A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക (3 സ്കോർ വീതം) (3x3 = 9)

13. 'ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു
(അമ്മത്തൊട്ടിൽ)

അടിവരയിട്ട വരി സന്ദർഭത്തിന് നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം?

14. ''ഞാനെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?''
''ഇല്ലച്ഛമ്മേ, ഒന്നും കേൾക്കില്ല. ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ''.
(ഓരോ വിളിയും കാത്ത്)

– ഈ വാക്കുകളിലൂടെ വ്യക്തമാകുന്ന കഥാപാത്രങ്ങളുടെ മാനസികാവസ്ഥ രണ്ടോ മൂന്നോ വാക്യങ്ങളിൽ എഴുതുക.

15. കൊച്ചുചക്കരച്ചിയെ എക്കാലത്തും സംരക്ഷിച്ചുപോന്ന നീറുകളെ 'ചാവേറുപട' എന്നാണ് ലേഖകൻ വിശേഷിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഔചിത്യം രണ്ടോ മൂന്നോ വാക്യങ്ങളിൽ എഴുതുക.

16. 'അവർ അന്നു സുഖമായി അത്താഴം കഴിച്ചു. അൽപം താമസിച്ചെന്നു മാത്രം.'
(കോഴിയും കിഴവിയും)

– ഈ വാക്യങ്ങളിലൂടെ കഥാകൃത്ത് സൂചിപ്പിക്കുന്ന അർഥമെന്ത്?

B. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (3 സ്കോർ) (1x3 = 3)

17. ''എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം''
(പണയം)

– ചാക്കുണ്ണിയുടെ ജീവിതത്തിലെ ദയനീയത പ്രകടമാകുന്ന വാക്കുകളാണോ ഇവ? മൂന്ന് സൂചനകൾ എഴുതുക.

## PART - IV

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർ വീതം) (2x4 = 8)

18. 'പഴയൊരു പുള്ളുവനാണല്ലോ ഞാൻ
പായും കടയും നെയ്യും, ...............
– താൻ പഴയ പുള്ളുവനാണെന്ന് കവി പറയുന്നതിന്റെ ഔചിത്യം കണ്ടെത്തുക.

19. സ്നേഹത്തെയും അയൽബന്ധങ്ങളെയും മറക്കുന്ന ഒരു തലമുറയ്ക്ക് ജീവിതമൂല്യം ഓർമ്മപ്പെടുത്തുന്ന പഴയ തലമുറയുടെ പ്രതീകമാണോ 'കോഴിയും കിഴവിയും' എന്ന കഥയിലെ അമ്മ എന്ന കഥാപാത്രം? കഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

20. 'അവൻ അന്നുച്ചയ്ക്ക് പുഷ്പവേലിൽ നിന്ന് കഞ്ഞി കുടിച്ചു. ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല.''
''അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം''. (പ്ലാവിലക്കഞ്ഞി)

അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഈ നോവൽ സന്ദർഭത്തിൽ നിന്ന് കണ്ടെത്താനാവും? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക
(4 സ്കോർ) (1x4 = 4)

21. 'പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.'

- ഈ അഭിപ്രായത്തിന്റെ പൊരുൾ വ്യക്തമാക്കുക.

22. 'ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ? (അമ്മയുടെ എഴുത്തുകൾ)

- പുതുതലമുറയ്ക്ക് മാതൃഭാഷയോടുള്ള സമീപനം ഈ വരികളിൽ നിന്ന് വ്യക്തമാകുന്നുണ്ടോ?

സ്വാഭിപ്രായം വ്യക്തമാക്കുക.

## PART - V

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക
(5 സ്കോർ) (1x5 = 5)

23. 'എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവൾ
ഒന്നെന്നെ കൊണ്ടു പോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?'
ഒന്നിനും കൊള്ളരുതാത്തവനെന്നയവൾ
ഇന്നും പഴിപറഞ്ഞേക്കും.....
(അമ്മത്തൊട്ടിൽ)

- വരികൾ വിശകലനം ചെയ്ത്, വാർധക്യത്തോടുള്ള സമകാലിക സമൂഹത്തിന്റെ മനോഭാവതതെക്കുറിച്ച് പ്രഭാഷണം തയ്യാറാക്കുക.

24. 'ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി'. (പ്ലാവിലക്കഞ്ഞി)

കഥാപാത്രങ്ങൾ തമ്മിലുള്ള ഊഷ്മളമായ ഹൃദയബന്ധങ്ങൾ ആവിഷ്കരിക്കുന്നതിൽ നോവലിസ്റ്റ് പുലർത്തുന്ന സൂക്ഷ്മത, പാഠഭാഗത്തെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിലയിരുത്തുക.

---------------